**Week -5**

# Weekly -Devotion -January 2017

# The look that makes tranfiguration

## (രൂപാന്തരം വരുത്തിയ നോട്ടം)

ഒരിക്കൽ ഒരു വ്യദ്ധന്റെ ശവസംസ്ക്കാര ശുശ്രൂഷ നടന്നു കൊണ്ടിരിക്കുകയായിരുന്നു. പിതാവിന്റെ മരണ വാർത്ത അറിഞ്ഞ അദ്ദേഹത്തിന്റെ മകൻ ഗൾഫിൽ നിന്നും നാട്ടിലെത്തിയിരുന്നു. ശവസംസ്ക്കാര ശുശ്രൂഷാ സമയത്ത് വൻ ജനാവലി സന്നിഹിതരായിരുന്നു. മൃതശരീരംകയറുകെട്ടി കുഴിയിലേക്ക് ഇറക്കുവാൻ സഹായിച്ച ഈ മകന്റെ ജൂബ്ബായുടെ പോക്കറ്റിൽ ഒരു കെട്ട് നോട്ട് ഉണ്ടായിരുന്നു. ഇത് കണ്ട ഒരാൾ ആ തിരക്കിന്റെ ഇടയിൽ ആ നോട്ടുകെട്ട് കൈക്കലാക്കി. എന്നാൽ വലിയ പ്രശ്നത്തിലാണ് താൻ ചെന്ന് ചാടിയതെന്നു പണം കൈക്കലാക്കിയ ആളിന് മനസ്സിലായില്ല. നടന്ന സംഭവം എല്ലാം വീഡിയോയിൽ പിടിക്കുന്നുണ്ടായിരുന്നു. പണം നഷ്ടപ്പെട്ട വിവരത്തെപ്പറ്റി അന്വേഷിച്ചിട്ടും ഒരു ഫലവും ഉണ്ടായില്ല, എന്നാൽ വീഡിയോ ദൃശ്യങ്ങൾ കണ്ട മകന് പണാപഹരണം നടത്തിയവനെ മനസ്സിലാക്കുവാൻ കഴിയുകയും ചെയ്തു. മാനുഷീകവീഡിയോയിൽ ഇത്രമാത്രമേ തെളിഞ്ഞുള്ളുവെങ്കിലും സ്വർഗ്ഗസ്ഥനായവന്റെ വീഡിയോയിൽ ഈ ചിത്രങ്ങൾ എത്രമാത്രം തെളിഞ്ഞു കാണും? ദൈവത്തെ മറച്ച് എന്തെങ്കിലും ചെയ്യാമെന്ന് കരുതുന്നത് ഭോഷത്തമാണ്. ദൈവം സകലവും കാണുന്നു എന്ന ചിന്ത നമ്മിലുണ്ടായാൽ അഹിതമായത് പറയുവാനോ. ചെയ്യുവാനോ നമുക്ക് കഴിയുകയില്ല.

ശിഷ്യന്മാരിൽ പ്രധാനിയും, പുതിയ പേരു നൽകി കർത്താവ് കൂടെ കൊണ്ടുനടന്നവനുമാണ് പത്രോസ്. യേശുവിനോടൊപ്പം തടവിലാകുവാനോ, മരിപ്പാനോ തയാറാണ് എന്ന് പറയുമ്പോഴും അവന്റെ ഉള്ളത്തെ ശരിയായി അറിയുന്ന ഒരു ദൈവമുണ്ടെന്ന് അവൻ മറന്നുപോയി, അവനിൽ സംഭവിക്കുന്ന വ്യത്യാസത്തെപ്പറ്റി യേശു അവന് മുന്നറിയിപ്പ് നൽകിയിരുന്നു. “ നീ എന്നെ അറിയുന്നില്ല” എന്ന് മൂന്നുവട്ടം എന്നെ തള്ളിപ്പറയും എന്ന് യേശു പറഞ്ഞവാക്ക് ആ നിമിഷം തന്നെ അവൻ മറന്നു പോയി. യേശുവിനെ കാണിച്ചുകൊടുക്കുന്നവൻ എന്ന് യേശു മുന്നറിയിപ്പ് നൽകിയവൻ എന്തു ചെയ്തു എന്ന് നമുക്ക് നോക്കാം. ഈ മുന്നറി

യിപ്പ് നൽകിയ യേശു പണസഞ്ചിയുടെ കാര്യം (ഗുരുവിനെ വഞ്ചിച്ചതിന്റെ പ്രതിഫലം) അറിയില്ല എന്നാണ് അവൻ കരുതിയത്. യൂദയേ ഒരു ചുംബനത്താലോ നീ എന്നെ കാണിച്ചു കൊടുക്കുന്നത് എന്ന് ചോദിച്ചിട്ടും ഗുരുവിനെ അവൻ മറന്നു. ഗുരുവിന്റെ നോട്ടമോ, ചോദ്യമോ അവനിൽ രൂപാന്തരം വരുത്തിയില്ല.



യേശുവിന്റെ നോട്ടത്തിൽ നിന്നും മാറി നിന്നപ്പോഴാണ് പത്രോസിന് പരാജയം സംഭവിച്ചത്. അകലം വിട്ട് പിൻചെന്നവൻ ഇരുന്നത് തീകായുന്ന ചിലരോടൊപ്പം ആയിരുന്നു. അവർ തീയുടെ വെട്ടത്തിൽ പത്രോസിനെ മനസ്സിലാക്കി. “ നീയും അവനോടൊപ്പമുള്ളവൻ”, നീ അവന്റെ ശിഷ്യനോ? എന്നതിന് ഞാൻ അവനെ അറിയുന്നില്ല എന്ന് ഉറക്കെ മൂന്നു പ്രാവശ്യം പറയുമ്പോൾ തന്നെ കോഴി കൂവി. പത്രോസ് കരുതിക്കാണും യേശു താൻ പറഞ്ഞത് കേട്ടുകാണില്ല എന്ന്, എന്നാൽ അവന് മറഞ്ഞിരിക്കുന്നത് ഒന്നുമില്ല എന്ന് പത്രോസ് മനസ്സിലാക്കിയത് യേശുവിന്റെ നോട്ടം എത്തിയപ്പോഴാണ് അത് ഹൃദയം തുളച്ചുകയറുന്ന ഒരു നോട്ടമായിരുന്നു.



തന്റെ ഹൃദയത്തെ തകർത്ത ആ നോട്ടത്തിന്റെ ഉടമസ്ഥന്റെ കണ്ണുകൾ അവന്റെ പാപത്തെക്കുറിച്ച് അവനെ ബോദ്ധ്യപ്പെടുത്തുന്നതായിരുന്നു മുന്നറിയിപ്പ് ഗുരു നൽകിയിട്ടും താൻ ആ തെറ്റിൽ അകപ്പെട്ടല്ലോ എന്നോർത്ത് പുറത്തിറങ്ങി

അതിദുഃഖത്തോടെ കരഞ്ഞു. (മത്താ: 26:69:72) ആ നോട്ടമാണ് അവനിൽ രൂപാന്തരം വരുത്തിയത്.

പ്രീയ കുഞ്ഞുങ്ങളെ! ഈ പുതുവർഷം നമുക്കെല്ലാവർക്കും പ്രായഭേദമെന്യേ തീരുമാനം എടുക്കാം. (1) യഹോവയിൽ നിന്ന് അകലം വിട്ട് നടക്കുകയില്ല എന്ന്. (2) ചൂട് പിടിച്ച് പത്രോസ് ഇരുന്നതുപോലെ, തല്ക്കാലം നല്ലതെന്ന് തോന്നുന്നിടത്ത് ചുടുപറ്റി ഇരിക്കുകയില്ല എന്ന്. അതായത് സന്തോഷം തരുന്ന പലതും ഇന്ന് ലോകത്തിലുണ്ട്. ദൈവഹിതമില്ലാത്തിടത്ത് ഇരിക്കുകയില്ല എന്ന് നമുക്ക് തീരുമാനിയ്ക്കാം. (3) ദൈവവചനം തരുന്ന മുന്നറിയിപ്പുകൾ ഗ്രഹിച്ച് അവയ്ക്കനുസരിച്ച് ഇനിയും ജീവിയ്ക്കുമെന്നും തീരുമാനിയ്ക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. 2016 ലെ തെറ്റിന്റെ തുടർച്ച പിൻതുടരാതെ തെറ്റിനെ ഏറ്റുപറഞ്ഞ് രൂപാന്തരം വരുത്തിയ ഒരു പുതുവർഷത്തിലേക്ക് പ്രവേശിപ്പാൻ ദൈവം ഇടയാക്കട്ടെ.

## പ്രാർത്ഥന

സാധുക്കളുടെ അപേക്ഷ കേൾക്കുന്ന കർത്താവേ! ഞങ്ങളുടെ ആകൃത്യം വലുതെങ്കിലും നിന്റെ നാമം നിമിത്തം ഞങ്ങളോട് ക്ഷമിക്കുന്നതിനായി നന്ദി. പരിഹാസികളുടെ ഇരിപ്പിടത്തിലിരിക്കാതെ, പാപികളുടെ വഴിയിൽ നില്ക്കാതെ ദുഷ്ടന്മരുടെ ആലോചന ശ്രദ്ധിക്കാതെ യഹോവയോട് ചേർന്ന് നില്പ്പാൻ 2017 ൽ കൃപ ചൊരിയേണമേ...

ആമേൻ

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind